# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 158 11.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് ഡേറ്റാ ബാങ്ക്

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>„ എൻ .എ.നെല്ലിക്കുന്ന്<br>„ ടി. വി. ഇബ്രാഹിം<br>„ പി.ഉബൈദുള്ള | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികളെ സംബന്ധിച്ച ആധികാരിക വിവരങ്ങളുടെ അഭാവം അവരുടെ ക്ഷേമപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | എ) | പ്രവാസികളെ സംബന്ധിച്ച ആധികാരിക വിവരങ്ങളുടെ അഭാവം അവരുടെ ക്ഷേമ പ്രവർത്തനങ്ങളെ ബാധിച്ചതായി കരുതുന്നില്ല. എന്നാൽ പ്രവാസികൾക്ക വേണ്ട നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പദ്ധതികൾ കാലാനുസൃതം പരിഷ്കരിക്കുന്നതിനും ഇത്തരം ഒരു ഡാറ്റ ബാങ്ക് ഏറെ സഹായകരമായിരിക്കും എന്ന് സർക്കാർ വിലയിരുത്തുന്നു. |
| ബി) | പ്രവാസികളെ സംബന്ധിച്ച ആധികാരിക ഡേറ്റാ ബാങ്ക് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | പ്രവാസികളെ സംബന്ധിച്ചുള്ള ഡാറ്റാബാങ്ക് തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. 1998 മുതൽ 2018 വരെ നടത്തിയ കേരള മൈഗ്രേഷൻ സർവെയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ ഒരു പബ്ലിക്ക് ഡേറ്റാബെയ്സ് ആയി ക്രോഡീകരിക്കാനുള്ള ശ്രമം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS) മുഖേന ആരംഭിച്ച കഴിഞ്ഞു. 2021, മാർച്ച് 31-നകം ഇത് പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ഇത് തയ്യാറാക്കുമ്പോൾ പ്രവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോയെന്ന് അറിയിക്കുമോ? | സി) | പ്രവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത തരത്തിൽ വളരെ ലളിതമായിട്ടാണ് ഡാറ്റാബേസിൽ പ്രവാസികളുടെ രജിസ്ട്രേഷനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഓൺലൈൻ മുഖേനയുള്ള ഈ രജിസ്ട്രേഷനിൽ എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ നോർക്കാ-റൂട്ട്സ് കാൾസെന്ററുമായി ബന്ധപ്പെട്ടാൽ കാൾ സെന്റർ എക്സിക്യൂട്ടീവ്സ് ഇത് സംബന്ധിച്ചുള്ള സഹായങ്ങൾ നൽകുന്നതാണ്. ഒരു ദിവസം ഏകദേശം ആയിരത്തോളം പ്രവാസികളാണ് ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ